(സി&ഡി) മുകളിൽകൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

30 (*325) ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ, മറ്റു സംസ്ഥാന സർക്കാരുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടു നടത്തുന്ന എഴുത്തുകുത്തുകൾ ഒഴിച്ച് മറ്റുള്ളവയെല്ലാം മാതൃഭാഷയിൽതന്നെ ആയിരിക്കണമെന്ന് അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട വകുപ്പു മേധാവികൾക്ക് ആവശ്യമായ ഉത്തരവ് നൽകുമോ;

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ മലയാളത്തിൽതന്നെ ഫയലുകൾ എഴുതി തീർപ്പു കല്പിക്കണമെന്നു എഴുത്തുകുത്തുകൾ മലയാളത്തിൽതന്നെയായിരിക്കണമെന്നും അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട വകുപ്പു മേധാവികൾക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർക്ക് ഡി.എ. ഉൾപ്പെടെയുള്ളവ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മലയാളത്തിൽ ഇറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതിനകം ഏതെല്ലാം വകുപ്പുകളിൽ മലയാള ഭാഷ ഭരണഭാഷയായി അംഗീകരിച്ചിട്ടുണ്ടെന്നുള്ളതിന്റെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) എല്ലാ വകുപ്പുകളിലും മാതൃഭാഷ ഭരണഭാഷയായി അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ)&(ബി) 1.9.1985 മുതൽ 1.12.93 വരെയുള്ള കാലയളവിൽ വിവിധ ഗസറ്റ് വിജ്ഞാപനങ്ങളിലൂടെ 67 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സാങ്കേതിക സ്വഭാവമുള്ള എൻ.സി.സി. വകുപ്പ്, ഡ്രഗ്സ് കൺട്രോളർ ഓഫീസ്, ചീഫ് കെമിക്കൽ എക്സാമിനർ ഓഫീസ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകളിൽകൂടി പരമാവധി മലയാളം ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.(വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്)†

12.11.99 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 22/99/ഉഭപവ. പ്രകാരം ഔദ്യോഗിക ഭാഷ മലയാളമാക്കിയിട്ടുള്ള സെക്രട്ടേറിയറ്റിലെ എല്ലാ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(സി) പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഇതിനകം 67 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. (ഉപചോദ്യം 'എ' യ്ക്കുള്ള ഉത്തരത്തിൽ അനുബന്ധമായി വച്ചിട്ടുണ്ട്)†

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1593) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാലതാമസം വരുത്തുന്നതും കാര്യങ്ങൾ മുടക്കിയിടുന്നതും ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ബി) ഓഫീസ് കാര്യങ്ങളിൽ നിരന്തരം അലംഭാവവും വീഴ്ചയും വരുത്തുന്നവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) മേലുദ്യോഗസ്ഥൻമാരുടെ മിന്നൽപരിശോധന ഏർപ്പെടുത്താനുദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനം ജനങ്ങൾക്ക് ഗുണകരമായി അനുഭവപ്പെടാൻ ജീവനക്കാർ ജോലി ചെയ്യുന്നു എന്നു കൂടി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഓഫീസ്സുകളുടെ ഭരണം കൃത്യനിഷ്ഠയും കാര്യക്ഷമവുമാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് യഥാസമയം ഓഫീസുകളിൽ എത്തുന്നതിനും പോകുന്നതിനും ആയി ട്രാഫിക് തടസ്സങ്ങൾ കുറയ്ക്കുന്നതിനും കൂടുതൽ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) തിരുവനന്തപുരത്ത് രാവിലെ എത്തുന്ന ട്രെയിനുകൾ 10 മണിയ്ക്ക് എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly